# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1584.

04-12-2018 ൽ മറുപടിയ്ക്ക്

## നെൽകൃഷി പ്രോത്സാഹനത്തിനായി പദ്ധതികൾ

**ചോദ്യം**

ശ്രീ.ബി.സത്യൻ

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ നെൽകൃഷി പ്രോത്സാഹനത്തിനായി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാം; | (എ) | സംസ്ഥാനത്ത് നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാരിന്റെ നെൽകൃഷി വികസന പദ്ധതി, കേന്ദ്രാവിഷ്കൃത പദ്ധതിയായ രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ ഭാഗമായ "പ്രൊഡക്ടിവിറ്റി ഇമ്പ്രൂവ്മെന്റ് ഓഫ് റൈസ് ഇൻ കേരള", പാലക്കാട് ജില്ലയ്ക്കായി ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി എന്നിവ നടപ്പിലാക്കിവരുന്നുണ്ട്. |
| (ബി) | കൊയ്ത്ത്, മെതിയന്ത്രങ്ങൾ എന്നിവ വാങ്ങുന്നതിന് പാടശേഖര സമിതികൾക്കോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കോ നിലവിൽ സബ്സിഡി നൽകുന്നുണ്ടോ; മാനദണ്ഡങ്ങൾ വിശദമാക്കാമോ; | (ബി) | കാർഷിക ഉപകരണങ്ങൾ, യന്ത്രങ്ങൾ എന്നിവ സബ്സിഡിയോടെ കർഷകർക്ക് ലഭിക്കുന്നതിനു കേന്ദ്രവിഷ്കൃത പദ്ധതിയായ സബ് മിഷൻ ഓൺ അഗ്രിക്കൾച്ചർ മെക്കനൈസേഷൻ സ്കീം (എസ്.എം.എ.എം) നിലവിൽ ഉണ്ട്.<br>ചെറുകിട നാമമാത്ര കർഷകർ, വനിത, എസ്.സി/എസ്.റ്റി വിഭാഗങ്ങൾക്ക് 50% സബ്സിഡി നിരക്കിലും പൊതു വിഭാഗത്തിനു 40% സബ്സിഡി നിരക്കിലും പരമാവധി നിജപ്പെടുത്തിയ തുക അനുസരിച്ചുമാണു സബ്സിഡി നൽകുന്നത്.<br>കേന്ദ്രസർക്കാരിന്റെ 2018-19 ലെ റിവൈസ്ഡ് എസ്.എം.എ.എം ഗൈഡ് ലൈൻ പ്രകാരമാണു കാർഷിക യന്ത്രങ്ങൾ/ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ആനുകൂല്യം നൽകുന്നത്. കേന്ദ്രസർക്കാരിന്റെ റിവൈസ്ഡ് എസ്.എം.എ.എം ഗൈഡ് ലൈനിൽ കൊയ്ത്ത് മെതിയന്ത്രങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ആറ്റിങ്ങൽ മണ്ഡലത്തിലെ നെല്ലുൽപ്പാദനം വർദ്ധിപ്പിക്കാൻ സാധിച്ചിട്ടുണ്ടോ; ഈ സർക്കാർ അധികാരമേറ്റ ശേഷമുള്ള നെല്ലുൽപ്പാദനം സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ? | (സി) | ആറ്റിങ്ങൽ മണ്ഡലത്തിൽ 28 ഹെക്ടർ സ്ഥലത്ത് അധികമായി നെൽകൃഷി ചെയ്യാൻ സാധിച്ചു. ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയിൽ 10 ഹെക്ടർ സ്ഥലത്തും മണമ്പൂർ പഞ്ചായത്തിൽ 10 ഹെക്ടർ സ്ഥലത്തും ഒറ്റൂർ കൃഷി ഭവനിൽ 8 ഹെക്ടർ സ്ഥലത്തും അധികമായി നെൽകൃഷി ചെയ്തു.<br>2016-17 സാമ്പത്തിക വർഷത്തിൽ ആറ്റിങ്ങൽ നിയോജക മണ്ഡലത്തിൽ 254 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്ത 711 ടൺ നെല്ല് ഉൽപ്പദിപ്പിച്ചു. 2017-18 വർഷം 448 ഹെക്ടർ സ്ഥലത്ത് നെല്ല് കൃഷി ചെയ്യുകയും 1433 ടൺ നെല്ല് ഉൽപ്പാദിപ്പിക്കുകയും ചെയ്തു. 2018-19 ൽ 520 ഹെക്ടർ സ്ഥലത്തു നിന്നും 2080 ടൺ നെല്ല് ഉല്പാദിപ്പിച്ചു. |

സെക്ഷൻ ഓഫീസർ